**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗത്തിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിയമനം നല്കുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ജീവനക്കാർക്ക് വയസ്സിളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.168/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 26/07/2021

---

പരാമർശം:-

1. സ.ഉ(കൈ) നം.106/2017/പൊവിവ തീയതി 21.08.2017
2. സ.ഉ(കൈ) നം.108/2017/പൊവിവ തീയതി 29.08.2017
3. സ.ഉ(കൈ) നം.14/2019/പൊവിവ തീയതി 06.02.2019
4. സ.ഉ(കൈ) നം.41/2021/പൊവിവ തീയതി 25.01.2021
5. സ.ഉ(കൈ) നം.56/2021/പൊവിവ തീയതി 12.02.2021
6. സ.ഉ(കൈ) നം.105/2021/പൊവിവ തീയതി 19.02.2021
7. സ.ഉ(കൈ) നം.125/2021/പൊവിവ തീയതി 26.02.2021
8. സ.ഉ(കൈ) നം.129/2021/പൊവിവ തീയതി 26.02.2021
9. പൊതുവിദ്യാഭ്യാസ വിദ്യാഭ്യാസ ഡയറക്ടറുടെ 23.03.2021 ലെ എസിഡി.സി1/193280/2021/എച്ച്.എസ്.ഇ നം. കത്ത്

**<u>ഉത്തരവ്</u>**

2014-15, 2015-16 അദ്ധ്യയന വർഷത്തേയ്ക്ക് സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ച് ഉത്തരവാകുകയും ശേഷം പരാമർശം 1 പ്രകാരം 2014-15 ലെയും പരാമർശം 3 പ്രകാരം 2015-16 ലെയും പുതിയതായി ബാച്ചനുവദിച്ച സ്കൂളുകൾക്ക് തസ്തികകൾ സൃഷ്ടിച്ച്/അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് അധ്യയനം നടത്തുന്ന സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന സ്ഥിരം ഒഴിവിലേക്ക് പരിഗണിക്കുന്ന ടി അധ്യാപകർക്ക് / ലാബ് അസ്സിസ്റ്റന്റ്മാർക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞിട്ടുണ്ടെങ്കിൽ ദിവസവേതനടിസ്ഥാനത്തിലുള്ള അവരുടെ നിയമനം നിശ്ചിത പ്രായപരിധിക്കകത്താണെങ്കിൽ അവർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവായിരുന്നു.

2. 2014-15, 2015-16 വർഷങ്ങളിൽ ബാച്ചനുവദിച്ച, പിന്നീട് അർഹരായ സ്കൂളുകൾക്ക് പരാമർശം 4, 6 പ്രകാരവും പരാമർശം 5 പ്രകാരം കായക്കൊടി കെപിഇഎസ് ഹയർസെക്കന്ററി സ്കൂളിനും പരാമർശം 7 പ്രകാരം ചിന്നമ്മ ഹയർസെക്കന്ററി സ്കൂളിനും പരാമർശം 8 പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ കോഴ്സനുവദിച്ച പ്രവർത്തനമാരംഭിച്ച 3 സ്കൂളുകൾക്കും തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. എന്നാൽ മേൽ ഉത്തരവുകളിലൊന്നും പരാമർശം 2, 3 ഉത്തരവുകളിൽ പരാമർശിച്ച പ്രകാരമുള്ള വയസ്സിളവ് അനുവദിച്ച് നല്കിയിരുന്നില്ല. ഇതേ ആവശ്യം ഉന്നയിച്ച് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിലെ ഉത്തരവുകൾ പ്രകാരം വയസ്സിളവ് അനുവദിച്ചിട്ടുള്ളതിനാൽ നിവേദനങ്ങളിലെ ആവശ്യം പരിഗണിക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 9 ലെ കത്തിൽ ശിപാർശ ചെയ്തിരുന്നു.

3. ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകതക്കനുസരിച്ചാണ് 2014-15, 2015-16 വർഷത്തിൽ സർക്കാർ

വിവിധ ഹയർ സെക്കണ്ടറി ബാച്ചുകളും സ്കൂളുകളും ആരംഭിച്ചത് . ഇവ പ്രവർത്തിക്കുന്നതിനാവശ്യമായ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കാനാണ് സർക്കാർ ആവശ്യപ്പെട്ടത്. ഇപ്രകാരം ആരംഭിച്ച ബാച്ചുകളിലേക്ക് സ്ഥിരം തസ്തികകൾ അനുവദിച്ചത് പരാമർശം 2, 3 ഉത്തരവുകൾ പ്രകാരമാണ്. ടി സ്ഥിരം തസ്തികയിലേക്ക് നിയമനത്തിന് പരിഗണിക്കുമ്പോൾ അതാതു സ്കൂളിൽ ബാച്ചുതുടങ്ങിയത് മുതൽ ജോലി ചെയ്തിരുന്ന ദിവസവേദനക്കാർക്ക് ടി രണ്ട് ഉത്തരവിലും ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്. മതിയായ കുട്ടികളില്ലാത്ത 64 ഓളം സ്കൂൾ ബാച്ചുകൾക്കു ടി ഉത്തരവ് പ്രകാരം തസ്തികകൾ അനുവദിച്ചിരുന്നില്ല. അത്തരം ബാച്ചുകൾക്കാണ് തസ്തികകൾ സൃഷ്ടിച്ച്/അപ്പ്ഗ്രേഡ് ചെയ്ത് ഉത്തരവായിട്ടുള്ളത്. ഒരേ ഗണത്തിൽ ഒരേ സമയത്ത് ഗസ്റ്റ് അധ്യാപകരായി ജോലിയിൽ കയറിയവർക്ക് തുല്യരീതിയിലുള്ള അവകാശമുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 4, 5, 6, 7, 8 ലെ ഉത്തരവുകൾ പ്രകാരം ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ സ്ഥിരനിയമനത്തിനായി പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രായപരിധി കഴിഞ്ഞ ദിവസവേതന ജീവനക്കാർക്ക്, ദിവസവേതന നിയമനം നിശ്ചിത പ്രായപരിധിക്കകത്താണെങ്കിൽ സ്ഥരനിയമന തീയതി മുതൽ മാത്രം ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയോടെ ഉയർന്ന പ്രായപരിധിയിൽ വയസ്സിളവ് (കെ.ഇ.ആർ അധ്യായം XXXII ചട്ടം 8 ലുള്ള ഇളവ്) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
പൊതുഭരണ(എസ്.സി)വകുപ്പ്(ഇനം.നം.134 തീയതി 22.07.2021)
വിവര പൊതുജനസമ്പർക്ക (ന്യൂ&വെബ് മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Priyanka T V
Date: 27-07-2021 14:16:24
Reason: Approved
സെക്ഷൻ ഓഫീസർ